മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

65 (1753) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മത്സ്യബന്ധന തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും എത്ര ഗഡു പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു ;

(ബി) എത്രപേർക്കാണ് കുടിശ്ശിക കൊടുക്കേണ്ടിയിരുന്നത് ;

(സി) ഈ കുടിശ്ശിക കൊടുത്തു കഴിഞ്ഞുവോ ;

(ഡി) ഈയിനത്തിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ പെൻഷൻ 14 ഗഡു കുടിശ്ശികയുണ്ടായിരുന്നു. അനുബന്ധ തൊഴിലാളികളുടെ പെൻഷൻ പദ്ധതി 1-1-2001 മുതലാണ് പ്രാബല്യത്തിൽ വന്നത്.

(ബി) 27,240 പേർക്ക്.

(സി) കൊടുത്തുകഴിഞ്ഞു.

(ഡി) കുടിശ്ശികയുൾപ്പെടെ മത്സ്യത്തൊഴിലാളി പെൻഷൻ കൊടുത്തു തീർക്കാൻ നടപ്പുവർഷം ഗവൺമെന്റ് മത്സ്യബോർഡിന് 8 കോടി രൂപ അനുവദിച്ചിരുന്നു. 2000 മാർച്ചു മുതൽ ജനുവരി 2002 ഉൾപ്പെടെ 23 മാസത്തെ കുടിശ്ശിക പെൻഷൻ കൊടുക്കുന്നതിന് 7,51,82,400 രൂപ മത്സ്യബോർഡ് ചെലവഴിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

66 (1754) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണപദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് വീടുവയ്ക്കാൻ ധന സഹായം കൊടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നോ മറ്റ് ഏതെങ്കിലും ഏജൻസികളിൽനിന്നോ ധനസഹായം ലഭിച്ചോ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly